

# CLICK @ 2020



INFANT JESUS HS VAZHAKULAM






OUR PATRON

# സന്ദേശം

"CLICK@ 20" എന്ന മാഗസിൻ സമർപ്പിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ ഉണർത്തുന്നതിനും മലയാളം അക്ഷരങ്ങൾ ടൈപ്പ് ചെയ്യുന്നതിനുമുള്ള കഴിവ് ആർജ്ജിച്ചെടുക്കുന്നതിനും ഇത്തരം അവസരങ്ങൾ സാധ്യതമാകുന്നു. ലിററിൽ കൈററ്സ് ക്ലബ് വഴി നടത്തുന്ന ഈ സംരംഭം പ്രശംസാർഹമാണ്. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി അദ്ധ്വാനിച്ച എല്ലാവർക്കും നന്ദി. ഈ മാഗസിന് എല്ലാവിധ ആശംസകളും മംഗളങ്ങളും നേരുന്നു.

എന്ന് ,

**ഹെഡ് മാസ്ററർ**

# ഉള്ളടക്കം


1 ചെറിയ കുട്ടിക്കവിതകൾ ........................................... 5

2 റിപ്പബ്ലിക്കിലെ സ്ത്രീശക്തി ........................................... 8

3 സൗരയൂഥ സിദ്ധാന്തം ........................................... 10

4 യുഎൻ എന്തുകൊണ്ട് എന്ന് .................................... 14

5 ദത മഹാത്മവും ........................................... 17

6 മഴ പ്രളയം ........................................... 18

7 മഴ പ്രളയം ഉരുൾപൊട്ടൽഎങ്ങനെ.............................. 20

8 ഗാന്ധി എന്ന സന്ദേശം ................................ 21

9 ചരിത്രത്തിൽ അഞ്ജൻ .................................... 24

10 ഉദ്യാനവിരുന്ന് ................................................... ...... 26

11 കടൽ ഒച്ചുകളുടെ വിഷമുള്ളുകൾ ........................................... 29

12 മയപെയ്ത്ത്... മയപെയ്ത്ത് ...................................................30

13 മനുഷ്യചങ്ങല ..........................................................................32

14 ചന്ദനവൃക്ഷം ..............................................................................34

15 ബാപ്പു ഒന്നാം ഭാഗം....................................................................35

16 പാക്കനാർ.....................................................................................39

17 നോബൽ ലോക ചാംപ്യന്മർ ..................................................42

18 പുൽക്കൊടി പറഞ്ഞത് .....................................................44

19 പുത്തൻ ആനന്ദം ........................................................................45

20 ബാപ്പുജി കഥകൾ.........................................................................46

# ചെറിയ കുട്ടിക്കവിതകൾ

## (കുഞ്ഞുണ്ണി)

### ഇറച്ചിക്കഷണം

ഈച്ച തൊടാത്തൊരിറച്ചിക്കഷ്ണം
പൂച്ച തൊടാത്തൊരിറച്ചിക്കഷ്ണം
കാണാൻ നല്ലൊരിറച്ചിക്കഷ്ണം
നീരിൽ വീണാൽ കരിയും കഷ്ടം

### പാവ

നില്ക്കും പാവയിരിക്കും പാവ
കിടക്കും പാവ നടക്കും പാവ-
യെനിക്കൊരു പാവ നിനക്കൊരു പാവ-
യിപ്പാവം പാവയ്ക്കു പാവയില്ല.

### നന്ന്

മത്തപ്പൂവും കാണാൻ നന്ന്
മത്താപ്പൂവും കാണാൻ നന്ന്
മുത്തും നന്ന്
വിത്തും നന്ന്
മുത്തി ചിരിക്കും ചിരിയും നന്ന്

### നല്ല പൂച്ച

പൂച്ച നല്ല പൂച്ച

വൃത്തിയുള്ള പൂച്ച
പാലുവെച്ച പാത്രം
വൃത്തിയാക്കി വെച്ചു.

## എളുപ്പവഴി

എട്ടിഡ്ഡലിയേടത്തി
ക്കെട്ടിഡ്ഡലിയേട്ടനും
എട്ടും എട്ടും പതിനാറിഡ്ഡലി
യെണ്ണാനുണ്ടാരെളുപ്പവഴി
ഒന്ന് രണ്ട്
നാല് എട്ട്
പതിനാറ്.

## പപ്പടവീരൻ

പത്തു പപ്പടം ചുട്ടുവെയ്ക്കുവിൻ
പത്തുമൊപ്പം ഞാനൊറ്റക്കൈകൊണ്ടു
തട്ടിപ്പൊട്ടിക്കാം അതുവ്വോ
അമ്പട വീര, പപ്പട വീര
പടപട വീര, പൊടിപൊടിവീര
പൊടിവീര.

## മുറുക്ക്

പിറുപിറുക്കുന്നു ആരോ
മുറുമുറുക്കുന്നു
ഇല്ല മുത്തപ്പാ കുട്ടൻ
മുറുക്കു തിന്നുന്നു കറുമുറു
മുറുക്കു തിന്നുന്നു

## താക്കോൽ

കിക്കിലുക്കം കിലുകിലുക്കം
ഉത്തരക്കുട്ടിലൊളിച്ചിരിക്കും
അമ്മാമന്റെ താക്കോൽക്കൂട്ടം
അമ്മായിക്കും തൊട്ടുകൂടാ

## മാങ്ങയും മൂങ്ങയും

മാ മാ മാങ്ങ,മൂ മൂ മൂങ്ങ
മാങ്ങ മൂങ്ങ തിന്നു
മൂങ്ങ മാങ്ങ തിന്നു
മൂക്കു മൂക്കാതായി.

## മിട്ഠായി

ആയീ ഠായീ മിട്ഠായി
തിന്നപ്പോഴെന്തിഷ്ടായി
തിന്നുകഴിഞ്ഞു കഷ്ടായി.



ANU REJI

## ബുദ്ധിമുട്ട്

മുട്ടായായിൽ ബുദ്ധിവെച്ചാൽ
ബുദ്ധിമുട്ടായി നിശ്ചയം

# ഇന്ത്യൻ റിപ്പബ്ലിക്കിന് 70 വയസ്സ് തികയുന്ന **ജനുവരി 26 ന്**

## റിപ്പബ്ലിക്കിലെ സ്ത്രീശക്തി

1947 ഓഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യം നേടി യെങ്കിലും പൂർണ സ്വരാജ് നേടാൻ കഴിഞ്ഞി രുന്നില്ല. സ്വതന്ത്രമെങ്കിലും പരമാധികാരമില്ലാത്ത അവസ്ഥയായിരുന്ന 'ഡൊമിനിയൻ' പദവിയിലൂടെ ഇന്ത്യയ്ക്ക് ലഭിച്ചത്. ബ്രിട്ടീഷ് രാജാവു തന്നെയാ യിരുന്ന സർവാധികാരി. 1950 ജനുവരി 26 ന് സ്ഥിതി മാറി. ഭരണഘടന നിലവിൽ വന്ന ആ ദിവസം ഇന്ത്യറിപ്പബ്ലിക്കായി.

ബി. ആർ.അംബേക്കർ അധ്യക്ഷനായ ഭരണ ഘടനാ നിർമാണ സഭ 2 വർഷവും 11 മാസങ്ങളും 17 ദിവസവസങ്ങളും ചെലവിട്ടാണ് ഭരണഘടനയ്ക്ക് രൂപം നൽകിയത്. ഭരണഘടനാ നിർമാണ സഭയിലുണ്ടായിരുന്ന സ്ത്രീകളെ അറിയാം

**ദുർഗാബായി ദേശ്മുഖ്**

ആന്ധ്രപ്രദേശിലെ രാജമുന്ത്രിയിൽ 1909 ജൂലൈ 15 ന് ജനിച്ചു. 12-ാം വയസ്സിൽ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തുകൊണ്ട് രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചു. സ്വാതന്ത്ര്യസമരന സേനാനിയെന്ന നിലയിലും സാമൂഹികപ്രവർത്തകയെന്ന

നിലയിലും വലിയ സംഭാവനകൾ നൽകി.

രാജ്കുമാരി അമൃത് കൗർ

1889 ഫെബ്രുവരി 2 ന് ലക്നൗവിൽ ജനിച്ചു. ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. ആദ്യനെഹ്റു മന്ത്രിസഭയിൽ കാബിനറ്റ് പദവിയുള്ള ആരോഗ്യമന്ത്രി. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തു.

ഹൻസ ജീവ്രാജ് മേത്ത

ഭരണഘടന നിർമാണ മഭയിൽ മൗലികാവകാശ ഉപസമതി അംഗം. സാമൂഹിക തിന്മകൾക്ക് എതിരായ പോരാട്ടത്തിലും സ്വാതന്ത്ര്യസമരത്തിലും ഒരുപോലെ പങ്കെടുത്തു.



jan k vincent

-

# സൗരയൂഥ സിദ്ധാന്തം

1. 2018 ലെ ജ്ഞാനപീഠം പുരസ്കാരം നേടിയതാര്?

ഉത്തരം. അമിതാവ് ഘോഷ്

2. സൗരയൂഥ സിദ്ധാന്തം ആവിഷ്കരിച്ചതാര്?

ഉത്തരം. കോപ്പർനിക്കസ്

## സൗരയൂഥ സിദ്ധാന്തംം

3. സൂചനകൾ അപഗ്രഥിച്ച് വ്യക്തിയെ തിരിച്ചറിയുക?

. ഗ്രീക്ക് തത്വചിന്തകൻ

. ബിസി ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു

. ഭൂമിക്ക് ഗോളാകൃതിയാണെന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചു

. ഭൂമി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു പൊങ്ങിക്കിടക്കുന്നു എന്നു വിശ്വസിച്ചു

ഉത്തരം. തെയൽസ്

4. 2022 ലെ അടുത്ത ഫിഫ ലോക കപ്പ് നടക്കുന്നത് എവിടെവച്ച്?

ഉത്തരം.ഖത്തർ

5. 'ജയ് ഹിന്ദ്'' എന്ന മുദ്രാവാക്യം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?

ഉത്തരം. സുഭാഷ് ചന്ദ്രബോസ്

6. ഇന്ത്യയിൽ ഗാന്ധിജി ആദ്യമായി നടത്തിയ നിരാഹാരസത്യഗ്രഹം ഏതുമായി ബന്ധപ്പെട്ടാണ് ?

ഉത്തരം. അഹമ്മദാബാദ് തുണിമിൽ തൊഴിലാളികളുടെ സമരം

7. എന്തിനെ അടിസ്ഥാനാമാക്കിയാണ് ഗ്ലോബിൽ അക്ഷാംശരേഖകളും രേഖാംശരേഖകളും വരച്ചിട്ടുള്ളത് ?

ഉത്തരം. ഭൂകേന്ദ്രത്തിൽ നിന്നുള്ള കോണീയ അകലം

## മണ്ണിനും മനുഷ്യനും വേണ്ടി

മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾ മൂന്നാണ് -പ്രണവായു,വെള്ളം, ഭക്ഷണം. ഇവയെല്ലാം നമ്മുടെ ചുറ്റുപാടിലെ മണ്ണിനെ ആശ്രയിച്ചിരിക്കുന്നു . മണ്ണിനും ജലത്തിനും ശുദ്ധവായുവിനും പ്രാധാന്യം നൽകാത്ത വികസനമാണ് ഇന്ന് നടക്കുന്നത് . മണ്ണിനെ നാം ശ്വാസംമുട്ടിച്ചു കൊല്ലുന്നു . കോൺക്രീറ്റ് മിനുക്കുന്നതാണ് നാടിന്റെ പരിഷ്കാരമെന്നു വിചാരിച്ചു പണത്തിനു പിറകെ പായുന്നു . മണ്ണു ജീവനാണ്, കോടാനുകോടി ജീവികളുടെ ആവാസസ്ഥാനമാണ് . അത് തിരിച്ചറിയാത്തതു കൊണ്ടാണ് പലപ്പോഴും നമ്മുടെ കൃഷി പരാജയമാവുന്നത് . മണ്ണിന്റെ ആരോഗ്യമാണ് മനുഷ്യനും ആരോഗ്യം പ്രദാനം നൽകുന്നത്.

മണ്ണിനെക്കുറിച്ച് പഠിക്കാതെ നമുക്കിനിഒരിഞ്ച് മുന്നോട്ടു പോകാൻ കഴിയില്ല. മണ്ണിനോട് ചേർന്നുനിൽക്കുന്നതിന്റെ ആഹ്ലാദം നമ്മുടെ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തണം. ഓരോ വീട്ടുമുറ്റത്തും വേണം കൃഷി.

## ഏവർക്കും സമൃദ്ധി

കൃഷിചെയ്യുന്ന രീതീയനുസരിച്ച് കൃഷിയെ തരംതിരിക്കാറുണ്ട്. നാച്ചെക്കോകൾച്ചർ അത്തരത്തിലൊരു തൃഷിരീതിയാണ്. നീവനവും പ്രകൃതിസൗഹാർദപരവുമായ ഈ രീതി ആവിഷ്കരിച്ചത് ശ്രീപദ് എ. ധാബോൽക്കർ എന്ന ഗണിതശാസ്ത്ര പ്രൊഫസറാണ്. മഹാരാഷ്ട്രയിലെ സാംഗ്ലി ജില്ലയിൽ താസ്ഗാവ് ഗ്രാമത്തിലെ മുന്തിരിക്കർഷകർക്കൊപ്പം അദ്ദേഹം നടത്തിയ പുത്തൻ കാർഷിക പരീക്ഷണങ്ങൾ പ്രകൃതിയെ അടുത്തറിയാനും ആവശ്യമായത്ര ആഹാരം സൃഷ്ടിച്ചെടുക്കാനുമുള്ള പ്രയോഗികമാർഗങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

പ്രകൃതികൃഷി, ജൈവകൃഷി തുടങ്ങി. മറ്റു കൃഷിരീതികളിൽനിന്നുനാച്ചെക്കോയെ വ്യത്യസ്തമാക്കുന്നത് എല്ലാവർക്കും ആഹാരം എന്ന ഈ സങ്കൽപ്പമാണ്. പ്രകൃതയുടെ അനന്തമായ വിഭവശേഷിയെക്കുറിച്ച് പുതിയൊരു കാഴ്ചപ്പാട് മിന്നോട്ടുവയ്ക്കുകയും ആ വിഭവശേഷി ഉപയോഗിക്കാനുള്ള മനുഷ്യൻെറ കഴിവിനെ വിശ്വസത്തിലെടുക്കുകയും ചെയ്യുന്ന ഇദ്ദോഹം. അഞ്ചുപേരടങ്ങിയ ഒരു കുടുംബത്തിന് നൂറ് ചതുരശ്രമീറ്റർ ഭൂമിയും അതിൽ പതിക്കുന്ന സൂര്യപ്രകാശവും പ്രതിദിനം ആയിരം ലിറ്റർ വെള്ളവും അവകാശപ്പെട്ടതാണെന്നു ഇവലഭ്യമായാൽ കുടുംബത്തിനാവശ്യമായ മുഴുവൻ ആഹാരവും ഉണ്ടാക്കാനാവുമെന്നും ധാബോൽക്കർ സമർഥിച്ചു. ഇദ്ദേഹത്തിൻെറ കാർഷിക അനുഭവങ്ങളും ജീവിതദർശനങ്ങളും വിവരിക്കപ്പെടുന്ന ഗ്രന്ഥമാണ് 'എല്ലവർക്കും സമൃദ്ധി.

ധാബോൽക്കർരീതി വിജയകരമായി പരീക്ഷിക്കുന്ന ദീപക് സച്ദേയുടെ കൃഷിയിടം സന്ദർശിച്ച കോഴിക്കോട് സ്വദേശിയായ അചൽ തേജ്കൃഷൻ എന്ന കുട്ടിയുടെ കുറിപ്പ് വായിക്കു.

## വിത്തുമുത്തച്ഛൻെറ മാന്ത്രികവിദ്യ

രാത്രി മുഴുവൻ വിത്തുകളെയായിരുന്നു സ്വപ്നം കണ്ടത്. നൂറുകണക്കിന് വിത്തുകൾ മുറ്റത്തും കുപ്പായക്കീശയിലും കൈയിലുമെല്ലാം മുളച്ച് കുഞ്ഞിതൾ വീശി കലപിലകൂട്ടുന്നു. കൈയിലിരുന്ന ഒരുകൂട്ടം വിത്തുകളുടെ പൊട്ടിച്ചിരി കേട്ടാണ് ഉറക്കമുണർന്നത്. കഴിഞ്ഞദിവസം നരച്ച താടിയും എപ്പോഴും ചിരിക്കുന്ന മുഖവുമുള്ള അപ്പൂപ്പനെ കണ്ട് വന്നതിനു ശേഷമാണ് എന്നും വിത്തുകളെ സ്വപനം കാണാൻ തുടങ്ങിയത്.

അപ്പൂപ്പനാ പറഞ്ഞത്, വിത്തുകൾക്ക് നമ്മളോട് സംസാരിക്കായൻ കഴിയുമെന്ന്. ഞാൻ അപ്പോൾ തന്നെ കുറേ വിത്തുകൾ എടുത്ത് ചെവിയോട് ചേർത്തുവച്ചുനോക്കി. ഇതു കണ്ട് അപ്പൂപ്പൻ ചിരിച്ചുകൊണ്ട് പറഞ്ഞു, അങ്ങനെ വെറുതെ ചെവിയോർത്താൽ അവര മിണ്ടാതിരിക്കുകയേയുള്ളൂ. അവർ നിങ്ങളോട് കിന്നാരം പറയണമെങ്കൽ അവരെ സന്തോഷിപ്പിക്കണം. വിത്തുകളെ സന്തോഷിപ്പിക്കുകയോ? അതെങ്ങനെയാ? ഞാൻ അദ്ഭുതത്തോടെ ചോദിച്ചു. “അവർക്ക് നല്ല മണ്ണും വെള്ളവുമൊക്കെ കൊടുത്താലാണ് അവർ സന്തോഷിക്കുക.” അപ്പൂപ്പൻ ഞങ്ങളെ തോട്ടിലേക്ക് കൂട്ടി ക്കൊണ്ടുപോയി.

എന്തു രസമാണെന്നോ അവിടം കാണാൻ!വലുപ്പമുള്ള മത്തങ്ങകൾ, വലിയ പാവക്കകൾ, എൻെറ പെൻസിലിനേക്കാൾ നീളമുള്ള മുളകുകൾ



കാർത്തിക് .എം. എസ്

## യുഎൻ എന്തുകൊണ്ട് എന്ന്

രണ്ടാം ലോകയുദ്ധം തീർന്ന് ഒന്നരമാസത്തിനു ശേഷം, 1945 ഒക്ടോബർ 24 നാണ് ഐക്യരാഷ്ട്ര സംഘടന ഔദ്യോഗികമായി നിലവിൽ വന്നത്. ഈ ദിവസം യുഎസ് പ്രസിഡൻറായിരുന്ന ഫ്രാങ്ക്ളിൻ റൂസ് വെൽറ്റ് ആണ്. യുണൈറ്റഡ് നേഷൻസ് എന്ന പേര് ആദ്യം ഉപയോഗിക്കുന്നത് ഒന്നാം. ലോകയുദ്ധത്തിനു ശേഷം നിലവിൽ വന്ന സർവരാജ്യസഖ്യം വീണ്ടുമൊരുയുദ്ധം . ഉണ്ടാകുന്നതുകൊണ്ടാണ് യുഎൻ രൂപീകരിച്ചത്.

## ആദ്യംമാദ്യം ആരൊക്കെ

1945 ജൂൺ 26 ന് യിഎസിലെ സാൻഫ്രാൻസ് -കോയിൽ നടന്ന യോഗത്തിൽ ഇന്ത്യയുൾപ്പെടെ സ്ഥാപകാംഗങ്ങളായ 50 രാജ്യങ്ങളിലെ പ്രതിനിധികൾ യുഎൻ ചാർട്ടറിൽ ഒപ്പുവച്ചു. ഐക്യരാഷ്ട്ര സംഘടനയുടെ

ലക്ഷ്യങ്ങളും മാർഗങ്ങളും വ്യക്തമാക്കുന്ന നിയമപുസ്തകം അഥവാ ഭരണഘടനണ യുഎൻ ചാർട്ടൻ. അന്നു പങ്കെടുക്കാത്ത പോളണ്ടും. രണ്ടുമാസത്തിലനു ശേഷം ഒപ്പുവച്ച് സ്ഥാപകാംഗം ആയി. 1946 ജനുവരിയിൽ ആദ്യസമ്മേളനം നടന്നു.

## വിശ്വവിഖ്യാതപതാക

**1946 ഡിസംബർ ഏഴിനാണ് ഐക്യരഷ്ട്ര സംഘടനയുടെ ഔദ്യോഗിക ചിഹ്നവും പതാകയും നിലനിറത്തിൻെറ പശ്ചാത്തലത്തിൽ വെളളനിറത്തിൽ രണ്ടു വശങ്ങളിലും ഒലിവ് ചില്ലകൾ സമാധാനത്തെ ജനങ്ങളെയും പ്രതിനിധീകരിക്കുന്നു**

## ഓരോന്നിനും ഓരോന്ന്

**യുഎന്നിൻെറ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് വിവിധ വിഭാഗങ്ങളാണ്.**

## പൊതുസഭ

എല്ലാ രാജ്യങ്ങളും അംഗങ്ങൾ.എല്ലാവർക്കും തുല്യപ്രാധ്യമുള്ള ഏകവിദാഗം ലോകപാർലമെൻെറ എന്ന പെരിലും അറിയപ്പെടുന്നു.

## രക്ഷാസമിതി

അഞ്ചു സ് ഥിരാംഗങ്ങളും 10 താൽക്കാലിക അംഗങ്ങൾ മാത്രം യുഎസ്,റഷ്യ,ബ്രിട്ടൻ,ഫ്രാൻസ്,ചൈന എന്നിവർ സ്ഥിരാംഗങ്ങൾ. ഇവർക്കു വീറ്റോ അധികാരമുണ്ട്. സ്ഥിരാംഗങ്ങൾ അനുകൂലിച്ചാൽ മാത്രമേകൗൺസിലിച്ചാൽ പ്രമേയം പാസാകി. ഇതാണു വീറ്റോ അധികാരം.

# സാമ്പത്തികസാമൂഹിക സമിതി

സാമ്പത്തികം, പരിസ്ഥിതികം, സാമൂഹിക പ്ശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സമിതി. 54 അംഗങ്ങളുണ്ട് . രാജ്യാന്തരതലത്തിലെ സാമ്പത്തിക കാര്യങ്ങളിലെ മാറ്റങ്ങൾ നിർദേശിക്കുന്നതും പുതിയ ശുപാർശകൾ നൽകുന്നതും ഈസമിതിയാണ്.

# രാജ്യന്തര നീതിന്യായ കോടതി

യുഎന്നിൽ അംഗങ്ങളായ രാജ്യങ്ങളുടെ നിയമപ്രശ്നങ്ങളിൽ ഉപദേശംനൽകുകയും തീർപ്പ് കൽപിക്കുകയും ചെയ്യുന്നു. പൊതുസഭയും രക്ഷാസമിതിയും ചേർന്നു തിരഞ്ഞെടുക്കുന്ന

15

ജഡ്ജിമാരാണു കോടകിയിലുള്ളത് ബാക്കി സമിതിടതിയിലൂടെ ആസ്ഥാനങ്ങളെല്ലാം ന്യൂയോർക്കിൽ തന്നെയാണെങ്കിലും നെതർലൻഡ്സിൻെറ തലസ്ഥാനമായ ഹേഗിലെ പീസ് പാലസ് ആണിു നീതിന്യായ കോടതിയുടെ ആസ്ഥാനം. മനുഷ്യാവകാശലം ഘനം

നടത്തുന്നവരെ വിചാരണചെയ്യാനായി 2002 ജൂലൈ ഒന്നിന് ഹേഗിൽ രാജ്യാന്തര ക്രിമിനൽ കോടതിയും നിലവിൽ വന്നു.



**NOEL MATHEW JOJO**

## ദത മഹാതമവ്വം

25 വർഷം ഗാന്ധിജിയുടെ സന്തതസഹചാരിയായിരുന്ന മഹാദേവ് ദേശായി. വെറുമൊരുസെക്രട്ടറിയെന്നതിനപ്പുറം സഹനസമരങ്ങളിലും സത്യാന്വേഷണത്തിലുമെല്ലാം നിഴൽ പോലെ നിന്നയാൾ.1917 നവംബർ 13 മുതൽ മരണത്തിന്റെ തലേന്ന് 1942 ഓഗസ്റ്റ് 14 വരെ ദേശായി കൃത്യമായി എഴുതിയിരുന്ന ഡയറിക്കുറിപ്പുകൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ആധികാരികരേഖയാണ്.

സൂറത്തിൽ 1892 ൽ ജനിച്ച ദേശായി നിയമബിരുദധാരിയാണ്. 1917 ൽ ഗാന്ധിജിയുടെ ആശ്രമത്തിലെത്തി. അന്ത്യനിമിഷങ്ങളിൽ കൂടെയുണ്ടായിരുന്ന ഗാന്ധിജി 'മഹാദേവ്, മഹാദേവ്' എന്ന് പ്രതീക്ഷയോടെ വിളിച്ചുകൊണ്ടിരുന്നു. 'ഒന്നു കണ്ണുതുറന്നിരുന്നെങ്കിൽ അദ്ദേഹത്തോട് എഴുന്നേറ്റിരിക്കാൻ ഞാൻ പറയുമായിരുന്നു. അദ്ദേഹം അത് തീർച്ചയായും അനുസരക്കും.

## രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ

സുവർണ്ണകാലം



PRINCE vincent

# മഴ പ്രളയം ഉരുൾപൊട്ടൽഎങ്ങനെ......

## ഗുരുത്വാകർഷണവും ഘർഷണവും

പ്രളയവും ഉരുംൾപൊട്ടലും നീയന്ത്രക്കാൻ ശ്രമിക്കുന്നതിനുമുമ്പ് ശാസ്ത്രീയമായി ഇവയെ മനസ്സിലാക്കാൻ ശ്രമിക്കണം.ഓരോ പ്രതിഭാസത്തനു പിന്നിലും കൃത്യമായ കാരണങ്ങളുണ്ട്.പ്രക്രുതിയുടെ ഒരു നിയമമാണ് ഗുരുത്വാകർഷണം. എല്ലാ പദാർഥങ്ങളെയും ഭ്രമി അതിൻെറ ഏറ്റവും അരികിലേക്ക് (താഴ്ന്ന പ്രദേശങ്ങളിലേക്ക്) കൊണ്ടുവാരാൻ ബലപ്രയോഗം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

നമ്മുടെ ശരീരവും വീടുകളും മരങ്ങളും കുന്നുകളും പാറകളും മണ്ണുംവെള്ളവുമെല്ലാം അതതിടത്ത് സഥാനചലനമില്ലാതെ നിലകൊള്ളിന്നത് ഗുരുത്വാകർഷണിന് എതിരായ ശകതിയായ ഘർഷണബലം ഇവിടെ നിലനിൽക്കുന്നതുക്കൊണ്ടാണ്. ഈ ശകതി കളിൽ മാറ്റം സംഭവിച്ചാൽ സന്തുലിതാവസഥ നഷ്ടംപ്പെട്ടും

## മാണ്ണും വെള്ളവും

ഉരുൾപെട്ടലിനും മണ്ണെലിപ്പിനും പ്രളയത്തിനുമെല്ലാം അതതിടങ്ങളിലെ മണ്ണിൻെറ ഘടനയുമായി ബന്ധമുണ്ട്.ധാരാളം വെള്ളംശേഖരിച്ചുവെക്കാൻ മണ്ണിന് കഴിവുണ്ട്.മണ്ണിനുള്ളിലെ അനേകം സുഷിരങ്ങളിലാണ് വെള്ളം ശേഖരിച്ചുവെക്കുന്നത്.ഈ വെള്ളമാണ്ണമാണ് ചെടികളും വൃക്ഷങ്ങളും ഉപയോഗിക്കുന്നത്.മണൽ,ചെളി,കളിമൺ തുടങ്ങിയ ഘടനയനുസരിച്ച് വെള്ളം ശേഖരിച്ചുവെക്കാനുള്ള മണ്ണിൻെറ കഴിവിലും വിത്യസമുണ്ട്.

## മഴയെന്ന രക്ഷക

ഭൂമിയുടെ പ്രതലത്തിലേക്ക് എത്തുന്ന ജലത്തിൻെറ പ്രധാന ഭാഗവും മഴയിൽ നിന്നു കിട്ടുന്നതാണ് .ചൂടുകൊണ്ട് ജലം ബാഷ്പകരിച്ച് നീരാവിയായി മഴമേഘങ്ങൾരൂപംകൊള്ളുന്നു.ഇവ കാറ്റിൻെറ ഗതിക്കനുസരിച്ച് സഞ്ചാരിച്ച് പിന്നിട് ഘനീഭവിച്ച് മഴയായി ഭൂമിയിലേക്കെത്തുന്നു.

## ആഗോളതാപനം

ആഗോളതാപനത്തിൻെറ വർധനമൂലം മഴക്കുറവല്ല, മറിച്ച് മഴകൂട്ടുകയാണ് ചെയ്യുക.കാരണം ഉയർന്ന താപം കൂടുതൽ ബാഷ്പികരണത്തിന് ഹേതുവാകുന്നു.അതിനാൽ പതിവിനു വിപരീതമായി ചിലയിടങ്ങളിൽ മഴകൂടാനും കുറയാനനുമെല്ലാം സാധ്യതയുണ്ട്. മഴയുടെ തീവ്രതയിൽ മാത്രമല്ല ഋതുഭേദങ്ങളിലും മാറ്റം വരുത്തുന്നുണ്ട്. കാലാവസഥാ വ്യതിയാനം ഒരു നഗ്നസത്യമാണ്.

## മഴയുടെ അളവ്

വളരെ ശക്തിയായി കുറച്ചുദിവസത്തേക്ക് മഴപെയ്തു്,വെള്ളം മണ്ണിലേക്കിറങ്ങാതെ ഒലിച്ചു പോകുന്നതിനെക്കാൾ നല്ലത് കുറേശ്ശ മഴപെയ്തു് കൂടുതൽ മഴദിനങ്ങളിലൂടെ വെള്ളം മണ്ണിലേക്കിറങ്ങുന്നതാണ് . വെള്ളപ്പൊക്കത്തെ നിയന്ത്രിക്കുന്നതിൽ അണക്കെട്ടുകൾക്ക പ്രധാനപ്പെട്ടവയാണ്.ഭൂമിയിൽ വെള്ളം ഇറങ്ങുന്നതിലുടെ ഭൂമിയുടെ ജലസംഭരണികുടുകയാണ് ചെയുന്നത് അതുകൊണ്ട് മഴയിലൂടെ ലഭിക്കുന്ന വെള്ളത്തെ ഒഴുകിപേകാതെ മണ്ണിലേക്കിറങ്ങാൻ അനുയേജ്യപ്രദമാക്കണം

SHIJAN SIJU



# ഗാന്ധി എന്ന സന്ദേശം

സ്വന്തം ജീവിതത്തെ സന്ദേശമാക്കുകയും മറുവശത്ത് ആ സന്ദേശത്തെ സ്വന്തം ജീവിതമാക്കുകയും ചെയ്ത അത്ഭുത പ്രതിഭാസമാണ് ഗാന്ധിജി. ഒരർഥത്തിൽ, ഗാന്ധിജിയുടെ മരണം പോലും ഒരു വലിയ സന്ദേശമായിരുന്നു ഈ വിധം ഗാന്ധിജി നൽകിയ സന്ദേശങ്ങളിലാണ് ലോകം പ്രതീക്ഷയോടെ ഉറ്റുനോക്കുന്നത് - സമാധാനത്തിനു വേണ്ടി; അനീതിക്കെതിരെ പോരാടാൻ; പരസ്പര സഹവർത്തിത്വത്തോടെ ജീവിക്കാൻ; എന്തിനേറെ പരിസ്ഥിതിക പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ പോലും.

## വസ്ത്രവും ചർക്കയും

ഗാന്ധിജിക്ക് വസ്ത്രം തന്നെ ഒരു രാഷ്ട്രീയ സന്ദേശമായിരുന്നു; ലോകത്തെ മുഴുവൻ ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിതത്തിന്റെ അടയാളം. ഒരുവേള, വസ്ത്രത്തിലൂടെ അദ്ദേഹം അവരെ ലോകത്തിനു മുന്നിൽ പുനഃപ്രതിഷ്ഠിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ആശ്രമത്തിലെ ഏറ്റവും സുപ്രധാന പ്രവർത്തി നൂൽനൂൽപ് ആയിരുന്നല്ലോ. ചർക്കയെ അദ്ദേഹം, തത്വദീക്ഷയില്ലാത്ത നാഗരീകതയ്ക്കും ബ്രിട്ടിഷ് അധികാരത്തിനും എതിരെയുള്ള പ്രതിരോധമായാണ് അവതരിപ്പിച്ചത്. ഇതിലൂടെ ബ്രിട്ടിഷുകാരെ പുറത്താക്കാൻ നമുക്കു കഴിഞ്ഞെങ്കിലും,

ഗാന്ധിജി തുറന്നെതിർത്ത നാഗരികത വിശ്വരൂപം പൂണ്ടു നിൽക്കുന്നു. മൂല്യങ്ങളുടെ സ്ഥാനത്ത് മുതലിനെ പ്രതിഷ്ഠിക്കുകയും ഉപഭോഗസംസ്കാരത്തിൽ അഭിരമിക്കുകയും ചെയ്യുന്ന സമൂഹവും ലക്കും ലഗാനുമില്ലാത്ത വികസനം ഉളവാക്കുന്ന പരിസ്ഥിതിപ്രശനങ്ങളുമാണ് നമുക്കു മുന്നിൽ ഇവയുടെ ഇരട്ട സന്തതികളാണ് സാമൂഹിക സംഘർഷങ്ങളും അഭയാർഥികളും

ഐക്യരാഷ്ട്ര സംഗടനയുടെ കണക്കനുസരിച്ച് 2.5 കോടി ആളുകളാണ് സാമൂഹിക, മത വംശിക സംഘർഷങ്ങളുടെ ഇരകൾ ദീർഘവീഷണ മില്ലാത്ത വികസനവും കാലാവസ്ഥവ്യതിയാനവും മൂലം പ്രതിവർഷം കുടിയിറക്കപ്പെടുന്നവർ 4.5 കോടിയാണ്. ഇതിൽ ഒരു കോടി ആളുകൾ സ്വന്തമായി രാജ്യമില്ലാത്തവരുമാണ്. ഗാന്ധിജി ഉപേഷിച്ചുപോയ ലോകത്തിന്റെ വാർത്ത മാനകാല അവസ്ഥയാണിത്.

**അനുരഞ്ജനത്തിന്റെ മാർഗം**

മുകളിൽ പറഞ്ഞതിൽ മത - വംശീയ സംഘർഷങ്ങൾക്കുള്ള പരിഹാരമാർഗം ഗാന്ധിയൻ തത്വചിന്തയിൽ നമുക്കു കാണാനാവും. സംഭാഷണങ്ങളുടെയും അനുരഞ്ജനത്തിന്റെയും രാഷ്ട്രീയത്തിലൂടെ ജനങ്ങളെ ഒരുമിച്ചു നിർത്താനാണു ഗാന്ധിജി പരിശ്രമിച്ചിരുന്നതെന്ന കാര്യസ്മരണീയമാണ് അമേരിക്കൻ മാധ്യമ പ്രവർത്തകൻ ജോൺ ഗുന്തർ ഇതേക്കുറിച്ചു പറഞ്ഞത് ഇങ്ങനെയാണ്:

'ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധേയമായ വസ്തുത' രാഷ്ട്രീയത്തിലും സാമൂഹികജീവിതത്തിലും അദ്ദേഹം വിട്ടുവീഴ്ച്ചക്കു നൽകിയ ഊന്നലാണ്. കഴിഞ്ഞതിനെ കഴിഞ്ഞതായി കാണാനും അനുരഞ്ജനത്തിന്റെ ഭാഷയൽ പ്രതിയോഗികളുമായി സഹകരിക്കാനും അദ്ദേഹം മടിച്ചിരുന്നില്ല.



**SIBIN LAWRANCE**

വരകളിൽ ഗാന്ധിജി

ചരിത്രത്തിൽ അഞ്ജൻ

മഹാത്മഗാന്ധിജിയുടെ ജീവചരിത്രം 151

ചിത്രങ്ങളിലൂടെ വരച്ച് 'അഞ്ജൻ സതീഷ്'

ചരിത്രത്തിലേക്ക്.

# ഗാന്ധിജി എന്ന പ്രതീക്ഷ

മഹാത്മഗാന്ധിയുടെ 72-ാം രക്തസാക്ഷിത്വദിനമാണിന്ന്
സത്യത്തിനും അഹിംസയ്ക്കും
സ്വാതന്ത്ര്യത്തിനുംവേണ്ടി നിലകൊണ്ട
ബാപ്പൂജിയുടെ വാക്കുകളിലൂടെ....
അദ്ദേഹത്തിന്റെ വീക്ഷണങ്ങളിലൂടെ....

**സത്യം**

ഞാൻ നിരാശനാകുമ്പോൾ ഓർക്കും,
ചരിത്രത്തിലുടനീളം സത്യത്തിന്റെയും
സ്നേഹത്തിന്റെയും വഴി എപ്പോഴും
വിജയിച്ചിട്ടുണ്ടെന്ന്. സ്വേച്ഛാധിപതികൾ
ക്കും കോലയാളികൾക്കും അവർ അജയ
രാണെന്ന് ഏറേക്കാലത്തേക്ക് തോന്നുമെന്നും
അവരെല്ലാം അവസാനം വീഴും. ഇത് എപ്പോ

ഓർമിക്കും.

ഈ ലോഗത്ത് ഞാൻ അംഗീകരിക്കുന്ന ഏക സ്വേച്ഛാധിപതി എൻെറ ഉള്ളിലെ ചെറിയ ശബ്ദമാണ്. ഞാനാകുന്ന ന്യൂന പക്ഷമെന്ന സാധ്യതയെ അഭിമുഖികരിക്കേണ്ടി വരുബോഴും അത്തരമോരു പ്രിതീക്ഷയില്ലാത്ത ന്യൂനപക്ഷമായി നിലകോള്ളാനുള്ള ധൈര്യം എനിക്കുണ്ടെന്ന് ഞാൻ താഴ്മയോടെ വിശ്വസി ക്കുന്നു.

അനേകർ, പ്രതത്യേകിച്ച് അജ്ഞർ സത്യം സംസാരിച്ചതിനും ശരിയാണെന്നതിനും നിങ്ങളായിരിക്കുന്നതിനും നിങ്ഹളെ ശിക്ഷി ക്കാൻ ആഗ്രഹിക്കുന്നു, ശരിയാണന്നതിന് നിങ്ങളുടെ കാലത്തെക്കാൾ വർഷങ്ങൾ മുൻപിലാണെന്നതിനു ഒരിക്കലുംഷമചോദിക്കരുത്.



ABIN SUDHAKARAN

# ഉദ്യാനവിരുന്ന്

നല്ല കാലാവസ്ഥ! ഉദ്യാനവിരുന്നിനു തീർത്തും അനുയോജ്യം. കാറ്റടിക്കുന്നില്ല; ഊഷ്മളമായ അന്തരീക്ഷം. മേഘച്ചീളുകൾ പോലുമില്ലാത്ത തെളിഞ്ഞ മാനം. അതികാലത്തുതന്നെ തോട്ടക്കാരൻ വിശാലമായ പുൽത്തകിട്ട ചെത്തിമിനുക്കി, തുത്തുവൃത്തിയാക്കി. ഉദയസൂര്യൻെറ
പൊൻകിരണങ്ങളിൽ തിളങ്ങുന്ന പുൽക്കൊടികൾ.നൂറുകണക്കിനാണ്
പനിനീർപ്പൂക്കൾ, കഴിഞ്ഞ
രാത്രി വിരിഞ്ഞ പൂക്കൾ.

അവർ പ്രാതൽ കഴിക്കാനിരുന്നപോഴേക്കും പന്തലിടാൻ പണിക്കാരെത്തി.
“അമ്മേ, എവിടെയാ പന്തലിടേണ്ടത്?
“എന്നോട് ചോദിക്കേണ്ട. ഇക്കൊല്ലം ഞാൻ അതെല്ലാം നിങ്ങൾ പെൺകുട്ടികൾക്കു വിടുകയാണ്. ഞാൻ നിങ്ങളുടെ അമ്മയാണെന്ന കാര്യം തത്ക്കലത്തേക്കു മറന്നേക്കുക. എന്നെയും ഒരതിഥിയായി കണക്കാക്കിയാൽ മതി.”

പണിക്കാരുടെ അടുത്തേക്കു പോകാൻ മെഗിനു കഴിയില്ല. പ്രതലിന് തൊട്ടു മുമ്പാണവൾ കുളിച്ചത്.തലയിൽ ടവ്വൽ കെട്ടിവെച്ച് അവൾ കാപ്പി കുടിച്ചുകൊണ്ടിരിക്കുകയാണ്. ജോസെ പതിവുപോലെ ഒരു അയഞ്ഞ സില്ക്ക് പെറ്റിക്കോട്ടും, കിമോണയും ധരിച്ചാണ് പ്രതലിനിരിക്കുന്നത്. പിന്നെ പണിക്കാർക്കു നിർദ്ദേശം നല്കാൻ പോകേണ്ടത് ലോറയാണ്.

ലോറ ധൃതിയിൽ മുറിയിൽ നിന്നും പുറത്തു വന്നു. കൈയിൽ ഒരു കഷണം റൊട്ടിയും വെണ്ണയുമുണ്ട്. തോട്ടത്തിലെ വഴിയിൽ നില്ക്കുകയാണു പണിക്കാർ.

അവർ നാലു പേരുണ്ട്.പന്തലിനുള്ള തൂണുകളും ചുരുട്ടിയ ക്യാൻവാസുമായാണ് അവർ എത്തിയിട്ടുള്ളത്. പണിയായുധങ്ങൾ നിറച്ച സഞ്ചി പുറകിൽ തൂക്കിയിട്ടിട്ടുണ്ട്. അവരെ കണ്ടപ്പോൾ ലോറയ്ക്കു നാണം തോന്നി. കൈയിലുള്ള റൊട്ടിയും വെണ്ണയും എന്തുചെയ്യണമെന്നറിയാതെ അവൾ കുഴങ്ങി. അതൊളിപ്പിക്കാൻ അവിടെയെങ്ങും ഒരിടം കണ്ടെത്താൻ അവൾക്കായില്ല.ചമ്മൽ മറയ്ക്കാൻ ലോറ ഗൗരവം നടിച്ചു.

"സുപ്രഭാതം."അമ്മയുടെ ശബ്ദം അനുകരിച്ചുകൊണ്ട് അവൾ പറഞ്ഞു. പക്ഷേ, ആ ശ്രമം പാളിപ്പോയി. കൊച്ചുകുട്ടിയെപോലെ അവൾ വിക്കി വിക്കി ചോദിച്ചു:

"നിങ്ങൾ വന്നത് പന്തൽ പണിക്കാണോ?"

"അതെ, അതെ". അവരിൽ ഏറ്റവും ഉയരംകൂടിയ ആൾ, തൊപ്പി അൽപ്പം പുറകിലേക്കുമാറ്റി അവളെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.

"അതിനുതന്നെ." മറ്റുള്ളവരും ചിരിച്ചുകൊണ്ട് ആവർത്തിച്ചു.

അവരുടെ ചിരികണ്ടപ്പോൾ, 'കുട്ടി പേടിക്കണ്ട, ഞങ്ങൾ നിന്നെ കടിച്ചുതിന്നുകയൊന്നുമില്ല'എന്നു പറയുന്നതുപോലെ അവൾക്കു തോന്നി.

ലോറയുടെ നാണം മാറി.

'ഈ ജോലിക്കാർ എത്ര നല്ലവർ, ഈ പ്രഭാതം എത്ര മനോഹരം.'ലോറയ്ക്കു തോന്നി.

പന്തൽ കെട്ടേണ്ടതെവിടെയാണെന്ന് ജോലിക്കാർക്കു കാണിച്ചു കൊടുക്കണമല്ലോ

"ആമ്പൽക്കുളമുള്ള ആ പുൽത്തകിടിയായാലോ? അതുമതിയോ?" റൊട്ടിയും വെണ്ണ

യും ഒരു കൈയിൽ ഒതുക്കിപിടിച്ച് മറുകൈ ചൂണ്ടിക്കൊണ്ട് അവൾ ചോദിച്ചു. ജോലിക്കാർ

അവിടേക്കു നോക്കി.

“അവിടം പറ്റുമെന്ന് തോന്നുന്നില്ല.” കൂട്ടത്തിൽ ഉയരം കൂടിയ ആൾ പറഞ്ഞു. “പന്തൽ കെട്ടേണ്ടത് നമ്മുടെ ദൃഷ്ടി നേരെ പതിയുന്നിടത്താകണം. ഞാൻ പറയുന്നതു മനസ്സിലാകുന്നുണ്ടോ?”അയാൾ ചോദിച്ചു.

അയാൾ പറഞ്ഞത് ലോറയ്ക്കു മനസ്സിലായെങ്കിലും അയാളുടെ വാക്കുകളിൽ വേണ്ടത്ര ബഹുമാനമുണ്ടോ എന്ന് അവൾക്കൊരു സംശയം!



Anagha Mani

# കടൽ ഒച്ചുകളുടെ വിഷമുള്ളുകൾ

കടലിൽ ഒച്ചുകൾ ഉണ്ട്. പുറന്തോട് ഉണ്ടെങ്കിലും വളരം കട്ടി കുറഞ്ഞതാണ്. മിക്ക ഒച്ചുകൾക്കും നല്ല നിറമുണ്ട്.പുറത്ത് ശത്രുക്കളിൽ നിന്നു രക്ഷ നേടുന്നതിന് മുള്ളുകൾ അടങ്ങിയിരിക്കുന്നു .തനിയെ മുളച്ചുവരുന്നവയല്ല ഈ മുള്ളുകൾ.ജെല്ലി വിഭാഗത്തിൽ പെട്ട മത്സ്യങ്ങളെ ഈ ഒച്ചുകൾ ഭക്ഷണമാക്കാറുണ്ട് . അവയുടെ ശരീരത്തിലുള്ള വിഷമുള്ളുകൾ കേടൊന്നും കൂടാതെ വയറ്റിലെത്തി അവിടെനിന്ന് സെറാറ്റ എന്ന മാംസളമായ ദാഗത്ത് ചെന്ന് മുള്ളുകളായിത്ത ന്നെ സ്ഥിരപ്പെടുകയാണ് ചെയ്യുന്നത്.



Anchal Shibu

# മയപെയ്ത്ത്... മയപെയ്ത്ത്...

മയ പെയ്ത്ത് മയപെയ്ത്ത് മയ്യോട്ട മയതന്നെ
നല്ലോരി നയാണേ നെട്ങ്കണ്ടം നെറഞ്ഞിക്ക്
നെടങ്കണ്ടബരമ്പത്ത് പേക്കച്ചി ചേലക്ക്ന്ന്
ഓലച്ചാത്തമ്മാര് കുറ്റ്യാറി കളിക്ക്ന്ന്
ഏലത്തുമ്മന്ന്ണ്ട വെള്ളം മറിയിന്നി
ജാടിനെറഞ്ഞിക്ക ജാന്വേ തിരുമ്പിക്കോ
കന്നൂട്ടിണ്ടാലേന്ന് തൊണ്ടപൊളക്ക്ന്ന്
പുല്ല് പറിക്കണം പിര്വോലീങ്ങെട്ത്തുട്
പ്ള്ളേറേ കേറിക്കോ പുതുമയ്യാ കൊള്ളണ്ടാ
കമ്പോത്ത്യോം തലമ്പേന്യോം പനിയും പിടിക്കണ്ട
കയ്യെങ്കിലഞ്ചാറ് വള്ളിത്തലേട്ടടിൻ
മീത്തലെ കൊള്ളാന്ന് കൊത്തിക്കൂട്ക്യടിൻ
ഈററ ഒരഞ്ചാറ് മയേങ്ങ് പെയ്ത്താല്
കെരട്ടിലും ബെള്ളാളം പുല്ലുംപൊടിക്ക്വേനും
നല്ലോരി മയ്യാണേ തിര് വ്യാതിരട്ത്തോയി
മയ പെയ്ത്ത് മയപെയ്ത്തിറ്റെല്ലാടോം നാശായി
എന്തോരി മയ്യാന്ന് ലോകാസനട്ത്തോളി
കോനായി ചളിയായി ആത്താണേ ചോര്ന്ന്
പണിയാണെലൊന്നല്ലാ ഇള്ളേനോപോയ്ക്ക്യൂടാ
ഇന്നലെ ഞാളുടെ പട്ടിണിനിന്നീനാ
നള്ളിട്ട കൂട്ക്കേന്ന് മെനഞ്ഞാന്നെട്ത്തോയി
രണ്ട് പ്ലാവ്ള്ളേത് രണ്ടെണ്ണം ബിറ്റ്വേയി

ഇല്ലെങ്കിലൊരു നല്ല ചക്ക പറിക്ക്വേന

എന്തോരീ മയ്യാത് എങ്ങോട്ടും കീഞ്ഞൂടാ

കെട്ട്യാണ്ട്ട്ത് തോറ് ഇമ്മാരീക്കുരിപ്പ്പിനാ

മഹാകവി ഉള്ളൂർ തിരഞ്ഞെടുത്ത ബാലകവിത

Anchal shibu

–

# മനുഷ്യചങ്ങല

“സകലമതസ്ഥാപനങ്ങളേയും മതങ്ങളുടെ സ്വാധീനശക്തിയേയും ദൈവമെന്ന ആശയത്തെ തന്നെയും നിങ്ങൾക്കു കഴിവുള്ള എല്ലാ ഉപായങ്ങൾകൊണ്ടും നശിപ്പിക്കണം"ഇതായിരുന്നു കാറൽമാക്സിൻെറ ആഹ്വാനം.കാറൽമാക്സ് മനുഷ്യനെ,തിന്നുക,കുടിക്കുക,ഉടുക്കുക,കുളിക്കുക,ഉറങ്ങുക,ഇണചേരുക എന്നീ ശാരീരികധർമ്മങ്ങൾ മാത്രമുള്ള ഒരു ജീവിയായി മാത്രമെ കണ്ടുള്ളു. ചിന്താസ്വാതന്ത്ര്യം,സ്നേഹം,നിസ്സംഗത്വം ആത്മനിവേദനം എന്നീ ആദർശങ്ങൾക്കു സ്ഥാനമില്ലാതായി.അവിടെ മനുഷ്യനു നഷ്ടപ്പെട്ടത് മതം മാത്രമല്ല,തൻെറ മനുഷ്യസിരകളിൽ വർഗ്ഗവിദ്വേഷം അടിച്ചുകയറ്റി.

ആദർശങ്ങളിൽ ആവേശംകൊള്ളുന്ന യുവാക്കൾക്ക് സംഘടിക്കുവാൻ ഒരു വേദി,വിളിച്ചുപറയാൻ ഒരു മുദ്രവാക്യം,സ്വപ്നം കാണാൻ ഒരു പറുദീസാ,പണിതു തീർക്കാൻ ഒരു കർമ്മപരിപാടി ഈ മാക്സിയൻ സംഭാവനയിലൂടെ ഒരു പുതിയ അടിമത്വം സൃഷ്ടിച്ചു. സ്വകാര്യസ്വത്ത് പൊതു സ്വത്താക്കി.മനുഷ്യരെ പൊതുസ്വത്ത് കാര്യസ്ഥന്മാരുടെ അടിമകളാക്കി.

ചിന്ത വിലക്കപ്പെട്ട, വായ് മൂടപ്പെട്ട,ആജ്ഞയനുസരിക്കുന്ന, ചത്ത് പണിയെടുക്കുന്ന, കിട്ടുന്നത് തിന്നുന്ന, അടിമകളെന്ന ഒരു വർഗ്ഗം; എല്ലാം കയ്യാളുന്ന മേലാളന്മാർ മറ്റൊരു വർഗ്ഗം. മതം മനുഷ്യനെ മയക്കുന്ന കറുപ്പല്ല, അവനെ സംസ്കരിച്ച് സ്ഥടം ചെയ്യുന്ന സത്യമാണ് എന്ന് മനസ്സിലാക്കാൻ; നീതിക്കും സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന മനുഷ്യനു മാക്സിസം നിരാശ മാത്രമെ നല്കുയെന്നു അനുഭവിക്കാൻ; ലക്ഷ്യം മാർഗ്ഗത്തെ നീതികരിക്കില്ലയെന്നു പഠിച്ചറിയാൻ;മതധാർമ്മിക മൂല്യങ്ങളെ കൂടാതെ സമത്വസുന്ദരസമൂഹം കെട്ടിപടുക്കുവാൻ കഴിയുമെന്ന വ്യാമോഹം പരാജയമെന്നുകാണാൻ അവർ വൈകി.

ദൈവത്തെ കൂടാതെ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്ന് അനുഭവത്തിലൂടെ

പഠിച്ചപ്പോൾ അതു സിദ്ധാന്തമാക്കി. ഈശോയെ ഗുരുവാക്കി. സുവിശേഷം ജീവിതശൈലി യാക്കി. അതു സ്നേഹശൃംഖലയായി; 'സ്നേഹജ്വാലയായി'.



Felmy Benny

# ചന്ദനവൃക്ഷം

ചന്ദനം എല്ലാവർക്കും ഇഷ്ടമാണ്. നല്ല സൗരഭ്യം പരത്തുന്നതാണ്. മുറിയിൽ അൽപ്പം ചന്ദനമുണ്ടെങ്കിൽ മുറിയാകെ സൗരഭ്യം. ചന്ദന തൈലം പുരട്ടിയ വ്യക്തി പോകുന്നിടത്തു മുഴുവൻ സുഗന്ധം. ചന്ദനം ചാരിയ വ്യക്തിക്കുപോലും വാസനയുണ്ട്. ചന്ദനത്തിനു സുഗന്ധം അതിനുജന്മസിദ്ധമാണ്.

ഓരോ മനുഷ്യനും ചന്ദനമായിതീരണം. എല്ലാവർക്കും സൗരഭ്യം പരത്തുന്ന എവിടെയും സുഗന്ധമനുഭവിക്കുന്ന ചന്ദനമായിത്തീരണം. ആ സൗരഭ്യം എന്റെ ജന്മവാസനയാകണം. എന്നാൽ അവിടം പറുദീസയാണ്.

എന്നാൽ എൻെറ ജന്മവാസനകൾ സൗഗന്ധികങ്ങളാണോ? അവ എൻെറ പറുദീസായും മറ്റുള്ളവരുടെ പറുദീസായും നഷ്ടപ്പെടുത്തുന്നവയോ? കെട്ടി പടുക്കുന്നവയോ? ചന്ദനം സുഗന്ധമാകുന്നത് ഉരക്കുമ്പോഴാണ്. എത്ര ഉരക്കുന്നവോ അത്രയും സൗരഭ്യം ഉണ്ടാകും.എൻെറയും ജന്മവാസനകളെ സൗരഭ്യമുളവാക്കാൻ ഉരച്ചുമിനുക്കണം. ഉരക്കുന്തോറും മിനുസവും സുഗന്ധവും വർദ്ധിക്കും. സംസ്കൃതസുഭാഷിതം പറയുന്നു.

"ചന്ദനം എത്രയധികം ഉരയ്ക്കപെടുന്നുവോ അത്രയും സുഗന്ധിയായിമാറുന്നു. കരിമ്പ് എത്ര ചെറുതായി നറുക്കപ്പെടുന്നുവോ അത്രയും സ്വാദുള്ളതായി മാറുന്നു. സ്വർണ്ണം എത്രയധികം ദ്രവിക്കപ്പെടുന്നുവോ അത്രയധികം സുവർണ്ണമായിമാറുന്നു. ഉത്തമന്മാരുടെ സ്വഭാവവും ജീവനാശത്തിൽപ്പോലും ദുഷിച്ചതായിരിക്കയില്ല."

ഞാൻ ചന്ദനവൃക്ഷമാകുമ്പോഴാണ് മറ്റുള്ളവർക്ക് അടുത്തുവരാനും,ചാരി നില്ക്കാനും, സൗരഭ്യമുള്ളവരായിതിരികെ പോകാനും സാധിക്കു. ഞാനാകുന്ന വൃക്ഷത്തിൽ നാങ്കിരണ ചെടിപടർന്നിട്ടുണ്ടെങ്കിലോ? ഞാൻ ചന്ദനമായാലും ആരും അടുത്തുവരില്ല. നാങ്കിരണ പൊടി
വീണാലോ എന്ന പേടി; അതുചൊറിച്ചിലുണ്ടാക്കുമല്ലോ. ആത്മാവിനെറ ഫലങ്ങളാണ് എന്നിൽ നിറയേണ്ടത്. അപ്പോൾ ആർക്കും വരാനും ചാരാനും സൗരഭ്യമനുഭവിക്കാനും സാധിക്കുന്ന ചന്ദനമായിതീരും. ഞാൻ ഒരു ചന്ദനവൃക്ഷമായിരുന്നെങ്കിൽ!

Felmy Benny

## ബാപ്പു ഒന്നാം ഭാഗം

1878- മാണ്ടായിരുന്നു അത്. ഒരു കാലത്ത് മഹാരാജ്യങ്ങളുടെയും സാമ്രാജ്യങ്ങളുടെയു തലസ്ഥാനമായിരുന്ന് ഡൽഹിയിൽ അന്ന് വലിയ ആവേശമായിരുന്നു. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും മഹാരാജക്കന്മാരും നവാബുമാരും നൂറുകണക്കിന് രാജാക്കന്മാരും ആ പട്ടണത്തിൽ തിങ്ങിക്കൂടി. അവർ പകിട്ടേറിയ ആടയാഭരണങ്ങൾ അണിഞ്ഞിരുന്നു. ബ്രിട്ടീഷ് രാജാവിന്റെ പ്രതിനിധിയായി ഇന്ത്യ ഭരിച്ചിരുന്ന വൈസ്രോയിയും അന്ന് ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനമായിരുന്ന കൽക്കത്തയിൽനിന്ന് പരിവാരങ്ങളോടുകൂടി എത്തിയിരുന്നു.

ഒരു ദർബാറിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തതിയായി. വല്ലപ്പോഴും ഒരിക്കൽ വിശേഷസന്ദർഭങ്ങളിൽ മാത്രം ദർബാറുകൾ നടത്തിയിരുന്നുള്ളു. ഇത്തവണയും അത് ഒരു പ്രത്യേക കാര്യത്തിനായിരുന്നു: ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞിയെ ഇന്ത്യയിലെ ചക്രവർത്തിനിയാണെന്ന് വിളംബരം ചെയ്യുവിനുൻ. രാജാക്കന്മാരും മറ്റുള്ളവരും രാജ്ഞിയോടു കൂറു പ്രഖ്യാപിക്കുകയും എല്ലാ പിന്തുണയും ഉറപ്പുനൽകുകയും ചെയ്തു. ബ്രിട്ടീഷ് ഭരണം ഈ രാജ്യത്ത് വളരെക്കാലം നിലനിൽക്കുമെന്നാണ് അവർ ആശിച്ചത്.

അത് തീർച്ചയായും വർഷങ്ങളോളം നിലനിൽക്കുമായിരുന്നു, അന്ന് ക്ഷീണിച്ച്, കഷ്ടിച്ച് ഒമ്പതുവയസ്സുമാത്രം പ്രായമുള്ള കുട്ടിയായിരുന്ന ഒരാൾ ഉണ്ടായിരുന്നില്ലെകിൽ ആ കുട്ടി

ശ്രദ്ധയോടുകൂടി സ്ലേറ്റിൽ കണക്കുപട്ടികകൾ എഴുതി പഠിക്കുകയായിരുന്നു. നമ്മൾ എല്ലാവരെയും ആ കുട്ടിയും ആ പട്ടികകൾ പഠിക്കാൻ വളരെ പാടുപെട്ടു. എന്നാൽ ആ ഇളംപ്രായത്തിലും കുട്ടി നല്ല അച്ചടക്കം പാലിക്കുവാനും ഇച്ഛാശ്ശക്തിയുടെ പ്രാധാന്യം മനസ്സിലാക്കുവാനും തുടങ്ങി.

പിൽക്കാലത്ത് ബ്രിട്ടീഷ് സാമ്രാജ്യത്തോടു നേരിട്ട് സ്വന്തം നാടിനുവേണ്ടിയും നാട്ടാർക്കുവേണ്ടിയും അതിനെ ജയിക്കാൻ അദ്ദേഹത്തെ സഹായിച്ചത് ഈ ഇച്ഛാശക്തിയായിരുന്നു. ദർബാർ കഴിഞ്ഞ് അറുപത്തൊമ്പതു വർഷത്തിനുശേഷം, വിക്ടോറിയാ രാജ്ഞിയുടെ പൗത്രനായ ഇരുപതാമത്തെ ബ്രിട്ടീഷ് വൈസ്രോയി ഇന്ത്യ സ്വതന്ത്രയായിരിക്കുമെന്ന് പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ പേർ മൗണ്ട് ബാറ്റൺ പ്രഭു എന്നായിരുന്നു. മുകളിൽ പറഞ്ഞ കൊച്ചുകുട്ടിയുടെ പേർ മോഹൻ ദാസ് ഗാന്ധി എന്നും ഇന്ത്യയുടെ അഹിംസാപരമായ സ്വാതന്ത്ര്യസമരത്തിന്റെ നായകൻ.

മോഹൻദാസ് കരംചന്ദ് ഗാന്ധി 1869 ഒക്ടോബർ 2-നു പോർബന്ദർ എന്ന ചെറിയ പട്ടണത്തിൽ ജനിച്ചു. ഇന്നത്തെ ഗുജറാത്ത് സംസ്ഥാനത്തിൽപെട്ട കഠിയാവാഡ് കടൽത്തീരത്താണ് ആ സ്ഥലം. മൂന്ന് ആണും ഒരു പെണ്ണും ഉൾപ്പെടെയുള്ള നാലു കുട്ടികളിൽ ഏറ്റവും ഇളയവനായിരുന്നു അദ്ദേഹം. അച്ഛൻ കരംചന്ദ് അല്ലെങ്കിൽ കാബാ ഗാന്ധിയും അമ്മ പുതലീബായിയും

വൈശ്യജാതിയിൽപെട്ടവരായിരുന്നു. ഗാന്ധി എന്ന കുടുംബപ്പേരിന്റെ അർത്ഥം പലചരക്കു വ്യാപാരി എന്നാണ്. എന്നാൽ ആ കുടുംബക്കാർ ഭരണക

ത്താക്കളായിരുന്നു

മുത്തച്ഛൻ പോർബന്ദർ ദിവാനും, അച്ഛൻ യഥാക്രമം പോർബന്ദർ, രാജ്കോട്ട്, വാങ്കനേർ എന്നിവിടങ്ങളിൽ ദിവാനുമായിരുന്നു. കാബാ ഗാന്ധി സത്യസന്ധനും ധീരനും ഉദാരമതിയുമായിരുന്നു. മോഹന് തന്റെ അച്ഛൻ അച്ചടക്കത്തിന്റെയും സൽപ്പെരുമാറ്റത്തിന്റെയും മാതൃകയായിത്തീർന്നു. അമ്മയുടെ തികഞ്ഞ ധർമ്മനിഷ്ഠ മോഹനിൽ മതിപ്പുളവാക്കി. ആത്മകഥയിൽ അദ്ദേഹം ഇങ്ങനെ എഴുതി: " അമ്മയ്ക്ക് അത്യന്തം മതനിഷഠ് ഉണ്ടായിരുന്നു" പരിശുദ്ധ വിശ്വാസമുള്ള ഒരു സ്ത്രീയായിരുന്നു അവർ. അമ്പലത്തിൽ പോക്ക് അവർ ഒരിക്കലും മുടക്കിയിരുന്നില്ല.

മകനെ എന്നും അവർ അമ്പലത്തിൽ കൊണ്ടുപോകുമ്യിരുന്നു. ഇളം മനസ്സിൽ ഇളകാത്ത ദൈവവിശ്വാസവും മതപരമായ ചൈതന്യവും ഉളവാക്കി. അവ അദ്ദേഹത്തിന് ആനന്ദവും ശാന്തിയും നൽകി. എപ്പോഴും നാണംകുണുങ്ങിയായ മോഹൻ പുസ്ത്കങ്ങളിൽ മാത്രമാണ് സന്തുഷ്ടി കണ്ടെത്തിയത്. വീട്ടിലും സ്കൂളിലും, വിശേഷിച്ച് സാത്വികയായ അമ്മയുടെ അടുക്കലുമായിട്ടാണ് അദ്ദേഹത്തിന്റെ ജീവിതം നീങ്ങിയത്. അമ്മയുടെ പാവനത, പ്രാർത്ഥന, ആത്മശുദ്ധിക്കായുള്ള ഉപവാസം എന്നിവ അത്ഭുതത്തോടും ആദരത്തോടും കൂടിയാണ് അദ്ദേഹം വീക്ഷിച്ചത്.

കുട്ടി എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ ഒരേ ഒരു ആഗ്രഹം സത്യം പറയുന്ന ശീലം നേടുക മാത്രമായിരുന്നു. തിന്മയ്ക്കുപകരം നന്മ കൊടുക്കണമെന്നും അദ്ദേഹം പഠിച്ചു. മഴക്കാലത്ത് ഉപവാസമനുഷ്ഠിക്കുന്ന ഒരു സമയമാണ് 'ചാതുർമ്മാസ്" സൂര്യനെ ദർശിക്കാതെ മോഹന്റെ അമ്മ ഭക്ഷണം തൊടുമായിരുന്നില്ല. മോഹനും സഹോദരിയും പലപ്പോഴും സൂര്യനെ കാണാൻ കാത്തു നിൽക്കുമായിരുന്നു. കണ്ടാലുടനെ 'രാത്രിയുടെയും പകലിന്റെയും സ്രഷ്ടാവിന്റെ ഉദയം'അവർ ഓടിച്ചെന്നറിയിക്കുമായിരുന്നു



Jasmin K Vincent

# പാക്കനാർ

ഈരാറങ്ങൽ പറയക്കോളനിയിലെ  കുട്ടപ്പയുടെ കഷ് ടകാലം തിരലില്ല.ഭാര്യയുടെ അസുഖം, കുടുംബത്തിലെ നിർത്താത്ത കലഹം. ഒരു നല്ല വാക്ക് എവിടുന്നും കേൾക്കാനില്ല. തന്റെ ഭാര്യയുടെ പേരുതന്നെ കുടുബത്തിലുള്ളവർ  മറന്നതുപോലെയാണ്. ചീതയെ താൻ താലികെട്ടി ഇവിടെ കൊണ്ടുവന്നിട്ട് വിഷുവും  ഓണവും തിരുവാതിരയും എത്ര കഴിഞ്ഞുപോയി! ഒരിക്കലെങ്കിലുംഅവൾക്ക് ഒരു "നാളുതെറ്റല്"ണ്ടായില്ല. “ഓൾക്ക് കർഭപാത്രം തന്നെ  ഇല്ല്യാതെ.” വീട്ടുക്കരുടെ പരിഹാസം. എന്തൊക്കെ വന്നാലും കേട്ടലും കുട്ടപ്പ ഒരു ദിവസോം സ്വന്തം പണി മുട്ടിച്ചിട്ടില്ല. കാട്ടിൽ പോയിട്ട് മുളയും പനമ്പട്ടയും വെട്ടിക്കൊണ്ടുവന്ന് അത് ചീന്തിയിട്ട് കൊട്ടയും വട്ടിും മൊറോം എല്ലാ ഉണ്ടാക്കും മുമ്പൊക്കെ കൊട്ടയ്ക്കും വട്ടിക്കും എത്രയെങ്കിലും ആവശ്യക്കാരുണ്ടായിരുന്നു. ഇപ്പോൾ അതൊക്കെ മോശാണ്. എന്നാലും അറിയുന്ന ഒരു തൊഴിലും? അത് മുട്ടിക്കണ്ട.

കുട്ടപ്പ പലേ

മനോരാജ്യങ്ങളുമായിട്ടാണ് കാട്ടിലേക്ക് കയറിയത്. ആദ്യം വന്ന വിചാരം തന്റെ ഭാര്യയുടെ അസുഖംതന്നെ. ‘വിവാഹത്തിന്  അവൾ തന്റെ മുന്നിൽ വന്നുനിന്നപ്പോൾ എന്തൊരു ചന്തമായിരുന്നു ആ മുഖത്തിനും ശരീരത്തിനും . “ ചീവോതി" യെപ്പോലെ എന്ന് വീട്ടുകാരും നാട്ടുകാരും പറഞ്ഞു.  എന്നിട്ട്, അതൊക്കെ എത്രവേഗം കഴിഞ്ഞു. എന്ത് വ്യാധിയാണവളെ പിടികൂടീതാവോ. കൊറേ  മാന്ത്രാസോം ചെയ്തു. ഒന്നു ശര്യായില്ല്യ. ഇപ്പൊ ചിരീം കളീം ഒക്കെ പോയി. വായ തൊറന്ന് ഒരു വർത്താനം തന്നെ ഇല്ല്യ  . രാവും പകലും ഈ ഒറ്റ കെടപ്പന്നെ. ആ കെടപ്പ്  കണ്ട് കാട്ടിലിക്ക് പോവുമ്പോൾ ഉള്ളിലൊരു ആളലാണ്. ഓൾക്ക് കഞ്ഞീം വെള്ളോം വീട്ടിലെെരെങ്കിലും

കൊട്ടുക്കില്ലേ? രണ്ടു നല്ല വാക്ക് അവളോട് ആരെങ്കിലും പറയില്ലേണ്ടും ?

എല്ലാ അങ്കലാപ്പുകളും ഉള്ളിൽ ഒതുക്കിയിട്ടാണ് അന്നും കാട്ടിലേക്ക് കയറിയത്. നല്ല "മൊള" എവട്ടാന്ന് തെരഞ്ഞു നടക്കായിരുന്നു. കാടിന്റെ ഉള്ളിലേക്ക് കടന്നപ്പോൾ എന്തോ ഒരു ശബ്ദം കേട്ടു. ചെകിടോർത്തു നിന്നപ്പോൾ അതൊരു കുട്ടീടെ കരച്ചിലാണെന്ന് തോന്നി. പണിസ്സാമാനയങ്ങൾ അവിടെത്തന്നെയിട്ട് കുട്ടപ്പ ആ ശബ്ദത്തിന്റെ അടുത്തേക്കു നടന്നു.

അപ്പോൾ അകലെയായി കണ്ടു; പ്രാകൃതവേഷത്തിൽ പ്രായം ചെന്ന ഒരു സ്ത്രീ ഒരു കുഞ്ഞിനെയും എടുത്ത് മാറത്തു പറ്റിച്ചുപിടിച്ചു നില്ക്കുന്നു. കുട്ടപ്പ വേഗം അവരുടെ അടുത്തെത്തി. ആ സ്ത്രീ അവിടെത്തന്നെ നില്ക്കുകയാണ്. അവരുടെ തപ്രത്തലയും മുഷിഞ്ഞ മുണ്ടും പ്രാകൃതഭാവവും പേടിപ്പെടുത്തുന്ന നോട്ടവും. എന്നാലും കുട്ടപ്പ അവരുടെ അടുത്തുപോയി നിന്നു. കൈകൊണ്ട് ആംഗ്യം കാണിച്ചു ചോദിച്ചു: “എന്താ കാര്യം?” തുറിച്ചു നോക്കിക്കൊണ്ട് കാട്ടുഭാഷയിൽ ആ സ്ത്രീ പറഞ്ഞു: “ഹും. വെറുതെയൊന്നും തരില്ല. എനിക്ക് മോന്താൻ കള്ള് താ. കുട്ടിനക്കാൻ എറച്ചി താ" ‘ഇത് ആരുടെ കുട്ടി?” കുട്ടപ്പ ആംഗ്യം കാണിച്ചു; “അവടെ ആ മണ്ണില് കെടക്ക്ണ കരയഞ്ഞുംകൊണ്ട്. ഇനിക്കെന്തിന് വല്ലതും കിട്ട്യാൽ ഇതിനെ കൊടുക്കും"

ഉച്ചഭക്ഷണത്തിനും കരുതിക്കൊണ്ടുവന്ന ചോറും കറികളും; മുളംകുറ്റിയിൽ നിറച്ച പനംകള്ളും അവളെ കാണിച്ചിട്ട്, “ ഇതു തന്നാൽ കുട്ടിയെ തരുമോ" എന്ന് കുട്ടപ്പ ചോദിച്ചു. അതുകേട്ട് ആ സ്ത്രീക്ക് ഉത്സാഹമായി. കൈയിലുള്ള ഇളംപൈതലിനെ കുട്ടപ്പയെ ഏല്പിച്ചിട്ട്

ഭക്ഷണപ്പൊതിയും മുളംകുറ്റിയും എടുത്ത് മുടന്തി മുടന്തിക്കൊണ്ട് അവർ കാട്ടിനുള്ളിലേക്ക് പോയി.

കുട്ടപ്പ ആ കുഞ്ഞിനെ അത്ഭുതത്തോടെ നോക്കി. ആദ്യമായിട്ടാണ് ഇങ്ങനെ ഒരു ഇളംപൈതലിനെ അടുത്തുകാണുന്നത്. വെളുത്തുതുടുത്ത നെറ്റിയിൽ പറ്റിക്കിടക്കുന്നുണ്ട് തലമുടി. വയറ്റത്ത് ഒട്ടിക്കിടക്കുന്ന പൊക്കിൾക്കൊടി.” “ മിടുക്കൻ, എന്റെ മുഖത്തേക്കന്നെ നോക്ക്ണ്. കുട്ടപ്പയ്ക്ക് തന്റെ ഉള്ളിലൊരു പൊട്ടിത്തരിപ്പു തോന്നി. വേഗം കുട്ടിയെ ഒന്നു കുഴിപ്പിക്കണം. ആ കാടത്തിപ്പെണ്ണിന്റെ കെട്ട മണം തന്നെ കുട്ടിക്കും. കുട്ടപ്പ വേഗം വേഗം നടന്നു. വീട്ടിലെത്താൻ വൈകി.

അവിടെ എത്തുംമുമ്പു തന്നെ കുട്ടപ്പ വിളിച്ചുതുടങ്ങി-

എടേയ്, എടേയ് , ചീതപ്പെണ്ണേ ഇതൊന്ന് നോക്ക്....

കുട്ടിയെ വീട്ടുകാരെ കാണിക്കാതെ വീടിന്റെ പിന്നിലെ ഇറയത്തേക്ക് കൊണ്ടുപോയി. അവിടെയാണ് ചീത കിടക്കുന്നത്. അവളുടെ അടുത്ത് കിടത്തി കുട്ടപ്പ വെളുക്ക ചിരിച്ചുകൊണ്ടു നിന്നു

Jeslin k Vincent

# നോബൽ ലോക ചാംപ്യന്മർ

## ഭൗതികശാസ്ത്രം

### തെളിച്ചമുള്ള പ്രപഞ്ചം

പ്രപഞ്ചത്തിൻെറ പരിണാമത്തെക്കുറിച്ച നടത്തിയ സൈദ്ധാന്തിക പഠനങ്ങൾക്കാണ് കനേഡിയൻ പ്രഫസർ ജയിംസ് പീബിൾസ് നൊബേൽ പുരസ്കാരം നേടിയത്.സൗരയൂഥത്തിനു പുറത്ത് ആദ്യമായൊരു ഗ്രഹം കണ്ടെത്തിയ നേട്ടത്തിനാണ് സ്വിറ്റ്സർലൻഡുകാരായ മിഷേൽ മേയോ,ദിദിയെ ക്വെലോ എന്നിവർ പുരസകാരം നേടിയത്.സമ്മാനത്തുകയായ 9 ദശലക്ഷം സ്വീഡിഷ് ക്രോണിൻെറ(ഏകദേശം 6.5 കോടി രൂപ) പകുതി പീബിൾസിനു ലഭിക്കും.ബാക്കി പകുതിമേയോയും ക്വെലോയുംപങ്കിടും.പ്രപഞ്ചോൽപത്തിക്കു കാരണമായി എന്നു കരുതപ്പെടുന്ന മഹാവിസ്ഫോടനത്തിനു നാലു ലക്ഷം വർഷങ്ങക്കു ശേഷം,പ്രപഞ്ചത്തിൽ മൈക്രോവേവ് കിരണങ്ങൾ നിറഞ്ഞുവെന്നും ഇതെക്കുറിച്ചുള്ള പഠനം പ്രപഞ്ചത്തിൻെറ പരിണാമത്തിലേക്കു വെളിച്ചം വീശുന്നതുമാണെന്നു പീബിൾസ് കണ്ടെത്തി.പ്രപഞ്ചത്തിലെ ഏറിയ പങ്കും മനുഷ്യന് അജ്ഞാതമായ ദ്രവ്യങ്ങളാലും ഊർജത്താലും നിറഞ്ഞിരിക്കുകയാണെന്നതായിരുന്നു പീബിൾസിൻെറ മറ്റൊരു പ്രധാന നിരീക്ഷണം.84 വയസ്സുള്ള പീബിൾസ് അമേരിക്കയിലെ പ്രിൻസ്റ്റൻ സർവകലാശാലയിലെ ഇമെരിറ്റസ് പ്രഫസറാണ്. 1995 ലാണ് മിഷേൽ മേയോയും ദിദിയെ ക്വെലോയും സൗരയുഥത്തിനു പുറത്ത് ആദ്യമായൊരു ഗ്രഹത്തെ കണ്ടെത്തുന്നത്.ഭൂമിയിൽ നിന്ന് 50 പ്രകാശവർഷം അകലെയാണ് ഭൂമിയെക്കാൾ 150 മടങ്ങ് ഭാരമുള്ള 51 പെഗാസി-ബി എന്ന ഗ്രഹം ഒരു നക്ഷത്രത്തെ ചുറ്റുന്നതായി കണ്ടെത്തിയത്.ജനീവ സർവകലാശാലയിലെ എമരിറ്റസ് പ്രഫസറാണ് മിഷേൽ മേയോ. ജനീവ സർവകലാശാലയിലെയും കേംബ്രിജ് സർവകലാശാലയിലെയും പ്രഫസറാണ് ദിദിയെ ക്വെലോ.

## രസതന്ത്രം

### ലോകം റീചാർജ് ചെയ്യുന്നു

റീചാർജ് ചെയ്യാൻ കഴിയുന്ന ലിഥിയം അയോൺ ബാറ്ററികൾ വികസിപ്പിച്ചെടുത്തതിനാണ് സ്റ്റാൻലി വൈറ്റിങ്ഹാം (ബിങ്ഹാംടൺ സർവകലാശാല-യുഎസ്) , ജോൺ ബി. ഗുഡ്ഇനഫ് (ടെക്സസ് സർവകലാശാല-യുഎസ്) , അകീര

യോഷിനോ (മെയ്ജോ സർവകലാശാല-ജപ്പൻ) എന്നിവർ രസതന്ത്ര നൊബേൽ നേടിയത്. 1970 കളിൽ ലോകമാകെ ഫോസിൽ ഇന്ധനങ്ങൾക്കു കടുത്ത ക്ഷാമം നേരിട്ട കാലത്താണ് സ്റ്റാൻലി വൈറ്റിങ്ഹാം ടൈറ്റാനിയം ഡൈ സൾഫൈഡ് കാതോഡ് ആയും ലിഥിയം ആനോഡ് ആയും ഉപയോഗിച്ചുകൊണ്ട് 2 വോൾട്ട് ക്ഷമതയുള്ള ഒരു ബാറ്ററി ഉണ്ടാക്കുന്നത്. 1980 ൽ ജോൺ ബി ഗുഡ്ഇനഫ്, ടൈറ്റനിയം ഡൈ സൾഫൈഡിനു പകരം കൊബാൾട്ട് ഓക്സൈഡ് കത്തോഡ് ഉപയോഗിച്ച് 4 വോൾട്ട് ക്ഷമതയുള്ള ബാറ്ററികൾ സൃഷ്ടിച്ചു. മൊബൈൽ ഫോൺ മുതൽ ഇലക്ട്രിക് കാർ വരെ ലിഥിയം അയോൺ ബാറ്ററി ഉപയോഗിച്ചു പ്രവർത്തിക്കുന്നവയാണ്.

## സാഹിത്യം

## അടിമുടി പരീക്ഷണം

പീറ്റർ ഹൻഡ്കെ 1942 ൽ ഓസ്ട്രിയയിലെ ഗ്രിഫെഞ്ചിൽ ജനിച്ചു. 1965 ൽ നിയമപഠനം പാതിവഴിയിൽ നിർത്തിയാണ് എഴുത്തിലേക്ക് തിരിയുന്നത്. 1966 ൽ എഴുതിയ നാടകം 'ഒഫൻഡിങ് ദി ഓഡിയൻസ്' ഹൻഡ്കെയെ ശ്രദ്ധേയനാക്കി. എഴുത്തിൻെറ പരമ്പരാഗതരീതികളിൽ നിന്നു മാറിനടന്ന്, എഴുത്തിൽ പരീക്ഷണങ്ങൾ നടത്തുന്നതിൽ ശ്രദ്ധേയനാണ് ഹാൻഡ്കെയെ. 'എസോറോ ബിയോണ്ട് ഡ്രീംസ്' , 'ദി ആബ്സെൻസ്' , 'എ ഗോളീസ് ആൻസൈറ്റി അറ്റ് ദ് പെനൽറ്റികിക്ക്' , 'ദ് ലെഫ്റ്റ് ഹാൻഡഡ് വുമൺ' എന്നിവയാണ് ഹൻഡ്കെയുടെ ശ്രദ്ധേയമായ രചനകൾ . സംവിധായകൻ, തിരക്കഥാകൃത്ത് എന്ന നിലകളിലും പ്രശസ്തനാണ്. സെർബോദാൻ മിലോസെവിച്ച് ബോസ്നിയൻ യുദ്ധത്തിൽ നടത്തിയ ക്രൂരതകളെ ന്യായീകരിച്ചു വിവാദങ്ങൾ സൃഷ്ടിച്ച ഹൻഡ്കെക്കു നൊബെൽ നൽകുന്നതിനെതിരെ ആഗോളതലത്തിൽ പ്രതിഷേധമുയർന്നിട്ടുണ്ട്.

Joshmy Dominic



## വിശ്വപ്രസിദ്ധ ജിബ്രാൻ കഥകൾ

## ഖലീൽ ജിബ്രാൻ

### സന്തോഷം ജനിച്ചപ്പോൾ

എന്നിൽ സന്തോഷം ജനിച്ചപ്പോൾ ഞാനവനെ ഇരുകൈകളിലും കോരിയെടുത്ത് വീടിൻെറ മട്ടുപ്പാവിൽ നിന്ന് ഇങ്ങനെ വിളിച്ചുകൂവി : " കടന്നുവരൂ, എൻെറ അയൽക്കാരേ, എനിക്കിതാ സന്തോഷം ജനിച്ചിരിക്കുന്നു. ഈ ആഹ്ലാദനിമിഷത്തിൽ എന്നോടൊപ്പം വന്നു പങ്കുചേരൂ. " എന്നാൽ, അങ്ങോട്ടേക്ക് ഒരുളെങ്കിലും എത്തിനോക്കുക പോലുമുണ്ടായില്ല. എന്നിട്ടും ഏഴുദിനങ്ങൾ ഞാൻ അതുതന്നെ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു; ഒരാളെങ്കിലും എൻെറ സന്തോഷത്തിൽ പങ്കുചേരുമെന്ന വിശ്വാസത്തോടെ. ഞാനും എൻെറ സന്തോഷവും മാത്രം ബാക്കിയായി. നാളുകൾ ചെല്ലുന്തോറും സന്തോഷം വിളറി വെളുത്തുകൊണ്ടിരുന്നു. ഞാനൊഴിക്കെ ആ ചുണ്ടുകളെ മുത്തമിടാൻ ഒരു ചുണ്ടോ, ആ ഹൃദയത്തിൻെറ ഏകാന്തതയ്ക്ക് കൂട്ടുനിൽക്കാൻ മറ്റൊരു ഹൃദയമോ ഉണ്ടായില്ലല്ലോ! അങ്ങനെ നീറിനീറിയാണ് സന്തോഷം ഒരു നാൾ മരണപ്പെട്ടത്. ഇപ്പോൾ , മരണമടഞ്ഞ ദുഃഖത്തെക്കുറിച്ച് ഓർക്കുമ്പോൾ ഞാൻ സന്തോഷത്തെക്കുറിച്ചും ഓർമിക്കും. പക്ഷേ , ഓർമകൾ എപ്പോഴും വസന്തകാലത്തെ ഇലകളെപ്പോലെയാണല്ലോ . കൊഴിഞ്ഞുകഴിഞ്ഞാൽ ഇലയുടെ ശബ്ദം ആരു കോൾക്കുന്നു ?

### പുൽക്കൊടി  പറഞ്ഞത്

വസന്തത്തിൻെറ ഇലയോട് ഒരു പുൽക്കൊടി ഇങ്ങനെ മൊഴിഞ്ഞു: "നീ നിൻെറ വീഴ്ചയിൽ തണുപ്പിൻെറ സ്വപ്നങ്ങളെ ചിതറിച്ചിരിക്കുന്നു." അപ്പോൾ ഇല പറഞ്ഞു: ' ഉയരങ്ങളെ കാണാത്ത നീ സംഗീതത്തെക്കുറിച്ച് എങ്ങനെ വാചാലനാവും ?" അത്രയും പറഞ്ഞ് ഭൂമിയിൽ തല ചായ്ച്ച് വസന്തത്തിൻെറ ഇല അങ്ങനെ കിടന്നു. ശേഷം ഹേമന്തമായി. ഇലകൾക്കു മീതെ മഞ്ഞ് വീണു. വീണ്ടും വസന്തമെത്തി. ഇളംകാറ്റിൽ മരങ്ങൾ ഇലകൾ കൊഴിച്ചിട്ടു. അപ്പോൾ പുൽക്കൊടി വീണ്ടും മൊഴിഞ്ഞു: "ഹൊ! എന്തൊരു ശബ്ദമാണിത് ? എൻെറ ശൈത്യകാല സ്വപ്നങ്ങളെ അവ വല്ലതെ മുറിപ്പെടുത്തുന്നുവല്ലോ!"

# പുത്തൻ ആനന്ദം

കഴിഞ്ഞ രത്രിയാണ് വിചിത്രമായ ഒരു ആനന്ദം ഞാൻ കണ്ടു പിടിച്ചത്. അതിൻെറ സുഖകരമായ ചില ഉൾപിരുവുകളിൽ ആഹ്ലദിച്ചു നിൽക്കുമ്പോൾഴാണ് ഒരു മാലാഖയും ഒരു ചെകുതാനും എൻെറ വീടിനു നേരേ കുതിച്ചു വരുന്നാത് കണ്ടത്. എൻെറ വീടിനു മുന്നിലെതിയതും ഞാൻ കണ്ടെത്തിയ ആനന്ദത്തെച്ചൊല്ലി ഇരുവരും തർക്കികാനും പരസ്പരം പൊരടികാനും ഉടങ്ങി. ഒരാൾ പറഞ്ഞു ഈ കണ്ടുപിടുതം ഒരു പാപമാണ്. രണ്ടമൻ പറഞ്ഞു അല്ല , അതൊരു നന്മയാണ്.

*Poornima Rajan*



# ബാപ്പുജി കഥകൾ

1

ഇരുട്ടത്ത് തനിയെ നടക്കാൻ കുഞ്ഞു മോഹന് വലിയ ഭയമായിരുന്നു.ഒരു വശത്തുനിന്ന് പ്രേതങ്ങളും മറുവശത്തുനിന്ന് കള്ളന്മാരും മൂന്നാമത്തെ വശത്തുനിന്ന് സർപ്പങ്ങളും തന്നെ ആക്രമിക്കാൻ വരുമെന്ന് മോഹൻ പേടിച്ചു.

ഒരിക്കൽ മോഹന് ഒറ്റയ്ക്ക് ഇരുട്ടത്തേക്ക് പോകേണ്ടിവന്നു.ഇതെങ്ങനെ സാധ്യമാവും? അവനൊരു പേടിത്തൊണ്ടനായിരുന്നല്ലോ!മോഹന്റെ അടുത്തുനിന്നിരുന്ന രംഭയെന്ന വീട്ടുപണിക്കാരി ശാന്തമായി പറഞ്ഞു:

“നീയെന്തിനാണ് പേടിക്കുന്നത് മോനേ?ഇരുട്ടായാലും എന്തായാലും,രാമനാമം ജപിച്ച നീ മുന്നോട്ടു പൊയ്ക്കോളൂ. നിന്നെ ആരും ഉപദ്രവിക്കില്ല.”ആ ഉപദേശം മോഹൻ ഉടൻ സ്വീകരിച്ചു. ആ നിമിഷം തൊട്ട് അവൻ രാമനാമം ഉരുവിടാൻ തുടങ്ങി. രാമനാമം മോഹന്റെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടി.

രാമനാമം മോഹനെ നിർഭയനാക്കി. നിർഭയമായി എങ്ങനെ ജീവിക്കാമെന്ന് പിന്നീട് അദ്ദേഹം 40 കോടി ഇന്ത്യക്കൊരെയും മുഴുവൻ മനുഷ്യരാശിയെയും ബോദ്ധ്യപ്പെടുത്തി. ജീവിതത്തിന്റെ അവസാന നിമിഷത്തിലും രാമനാമമാണ് ഗാന്ധിജിയുടെ ചുണ്ടിലുണ്ടായിരുന്നത്.

2

കുഞ്ഞു മോഹന് അമ്മയെ സഹായിക്കാൻ വളരെ താതാപര്യമായിരുന്നു.അമ്മയായ പുത് ലിബായി ഒരു തികഞ്ഞ ഭക്തയും മതവിശ്വസിയുമായിരുന്നു.പ്രർത്ഥനയ്ക്കുശേഷമേ അവർ ഭക്ഷണം കഴിക്കുമായിരുന്നുള്ളൂ. ചാതുർമാസവ്രതം അനുഷ്ഠിക്കുമ്പോൾ പുത് ലിബായി ഒരു നേരമേ ആഹാരം കഴിക്കുമായിരുന്നുള്ളൂ. പ്രയാസമേറിയ വ്രതാനുഷ്ഠാനങ്ങൾ നടത്താൻ തീരുമാനിക്കുകയും യാതൊരു മടിയുംകൂടാതെ അവ അനുഷ്ഠിക്കുകയും ചെയ്യുന്ന സ്ത്രീയായിരുന്നു അവർ.

കാലവർഷത്തിൻെറ മൂർദ്ദന്യത്തിൽപോലും, സൂര്യനെ ദർശിക്കാതെ ഭക്ഷണം കഴിക്കില്ലെന്ന് ചില ദിവസങ്ങളിൽ ആ അമ്മ തീരുമാനിച്ചിരുന്നു.സൂര്യൻ പ്രത്യക്ഷപ്പെടുന്നതു കാത്ത് കുട്ടികൾ ആകാശം നോക്കി മുറ്റത്തുനിൽക്കും. പക്ഷെ മേഘാവൃതമായ കാലവർഷദിവസങ്ങളിൽ സൂര്യനെ കാണുകയേഇല്ല.പെട്ടെന്നെങ്ങാനും വെളിച്ചം കണ്ടാൽ അമ്മയോടത് പറയാൻ മോഹൻ അകത്തേക്കോടും.സൂര്യനെക്കാണാൻ പുത് ലിബായി ഓടി പുറത്തേക്ക് വരും. അപ്പോഴേയ്ക്കും സൂര്യൻ വീണ്ടും മേഘത്തിനു പുറകിൽ മറഞ്ഞിട്ടുണ്ടാവും! മോഹനും മറ്റു കുട്ടികൾക്കും വലിയ നിരാശയാവും.അമ്മയ്ക്ക് ഒരു ക്ലേശവുമുണ്ടാവില്ല.ചിരിച്ചുകൊണ്ടവർ പറയും:"അത് സാരമില്ല.ഇന്ന് ആഹാരം കഴിക്കാതിരിക്കാനാവും എൻെറ വിധി."പ്രസന്നചിത്തയായി അവർ അകത്തേയ്ക്കുപോയി എണ്ണിയാൽ തീരാത്ത വീട്ടുപണികളിലും മറ്റ് കർത്തവ്യങ്ങളിലും വ്യാപൃതയാവും.

പുണ്യാത്മാവായ അമ്മയുടെ വ്രതനുഷ്ഠയുള്ള ലളിതജീവിതം മോഹൻെറ ഹൃദയത്തിൽ മായാത്ത മുദ്ര പതിപ്പിച്ചു.ആത്മീയമായ ജീവിതത്തിലെ ആദ്യ പാഠങ്ങൾമോഹൻഅമ്മയിൽനിന്നാണ് പഠിച്ചെടുത്തത്. ആത്മാർത്ഥവും ആനന്ദകരവുമായ സന്യാസജീവിതത്തിൻെറ പരിശീലനം അവന് നൽകിയ ആദ്യത്തെ ഗുരു അമ്മയായിരുന്നു.

## 3

രാജ്കോട്ടിലെ ആൽഫ്രഡ് ഹൈസ്കൂളിലെ പ്രധാനദ്ധ്യാപകനായ ഗിമി മുതിർന്ന കുട്ടികൾക്ക് മത്സരക്കളികളും കായികാഭ്യാസവും നിർബന്ധിതമാക്കി. മോഹന് കായികപരിശീലനത്തിൽ ഒട്ടും താത്പര്യമുണ്ടായിരുന്നില്ല. ഒരു കളിയിലും മോഹൻ പങ്കെടുക്കില്ലായിരുന്നു. പക്ഷേ കായികാഭ്യാസം നിർബന്ധമാക്കിയപ്പോൾ അവന് മനസ്സില്ലാമനസ്സോടെ കളികളിൽ ചേരേണ്ടിവന്നു.

*Sona Sunny*

